കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1999 ജൂലൈ, 2 വെള്ളി

വാല്യം 108] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 1999 ജൂലൈ മാസം 2-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ... ചോദ്യം നമ്പർ 257.

1 (*257) തൊഴിൽ നികുതി

ശ്രീ എം. ദാസൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ-സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി,പഞ്ചായത്തുകൾ എന്നിവ തൊഴിൽ നികുതി പിരിക്കുന്നതിന്റെ മാനദണ്ഡമെന്താണ്;

(ബി) പഞ്ചായത്തുകളിൽ തൊഴിൽ നികുതി വളരെ കൂടുതൽ ഈടാക്കുന്നതായുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ;

(ഡി) കോർപ്പറേഷൻ-മുനിസിപ്പൽ-പഞ്ചായത്ത് പ്രദേശങ്ങളിൽ തൊഴിൽ നികുതി ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) : സർ,

(എ) ഒരു അർദ്ധവർഷത്തിൽ ആകെക്കൂടി അറുപത് ദിവസത്തിൽ കുറയാതെ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/പഞ്ചായത്ത് പ്രദേശങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

ബിസിനസ് നടത്തുകയോ, തൊഴിലോ കലയോ, ജോലിയോ ഉദ്യോഗമോ വഹിക്കുകയോ ചെയ്യുന്നതായ ഏതൊരാളിൽനിന്നും വരുമാനത്തിന്റെ തോത നുസരിച്ച് നിശ്ചിത വിഭാഗത്തിൽ ഉൾപ്പെടുത്തി തൊഴിൽ നികുതി നിശ്ചയിക്കാവുന്നതാണ്. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി കേന്ദ്രങ്ങളിൽ അടിസ്ഥാന ശമ്പളം, സ്പെഷ്യൽപേ, സറണ്ടർ, ബോണസ് എന്നിവയുടെ അടിസ്ഥാനത്തിലും പഞ്ചായത്തിൽ അടിസ്ഥാനശമ്പളം, ക്ഷാമബത്ത, സ്പെഷ്യൽ പേ, ശമ്പളം എന്നിവയുടെ അടിസ്ഥാനത്തിലും ആറുമാസത്തിലൊരിക്കലാണ് തൊഴിൽ നികുതി ഈടാക്കുന്നത്. ഒന്നാം സംസ്ഥാന ധനകാര്യകമ്മീഷൻ ശുപാർശ പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ഭേദഗതി ചെയ്യുകയുണ്ടായി. ഇതുപ്രകാരം കോർപ്പറേഷനും മുനിസിപ്പാലിറ്റിയും ഇനിമേൽ തൊഴിൽ നികുതി കണക്കാക്കുമ്പോൾ ക്ഷാമബത്ത കൂടി ഉൾപ്പെടുത്തുന്നതാണ്.

(ബി) പല പഞ്ചായത്തുകളും പല രീതിയിൽ തൊഴിൽ നികുതി ഈടാക്കി വന്നിരുന്നതായി ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തൊഴിൽ നികുതി പിരിവിന് പഞ്ചായത്തുകൾ ഏകീകൃത മാനദണ്ഡം സ്വീകരിക്കണമെന്ന് സർക്കാർ 31.7.1998 ലെ സർക്കുലർപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കോർപ്പറേഷൻ/മുനിസിപ്പാലിറ്റികൾ, തൊഴിൽ നികുതി പിരിക്കുന്നതിൽ ക്ഷാമബത്തകൂടി ഉൾപ്പെടുത്തിക്കൊണ്ട് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ഭേദഗതി വരുത്തി. 1999-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് നിലവിൽ വന്നിട്ടുണ്ട്. പൂർണ്ണമായ ഏകീകരണം സംബന്ധിച്ച് രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

<u>ശ്രീ. എം. ദാസൻ</u> : സർ, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ തൊഴിൽ നികുതി പിരിക്കുന്നതിൽ ഗുരുതരമായ അലംഭാവമാണ് പൊതുവേ കാണിച്ചുവരുന്നത്. കോഴിക്കോട് നഗരത്തിൽ തൊഴിൽനികുതി കൃത്യമായി പിരിച്ചെടുക്കുന്നതിന് കാര്യമായ നടപടിയൊന്നും സ്വീകരിക്കുന്നില്ല. ഇതു മൂലം നഗരസഭയുടെ വരുമാനത്തിൽ വൻചോർച്ചയുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇതു കണക്കിലെടുത്ത് തൊഴിൽനികുതി കൃത്യമായും കൃത്യസമയത്തുതന്നെ പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് തയാറാകുമോ?

<u>ശ്രീ. പാലോളി മുഹമ്മദ്കുട്ടി</u> : തൊഴിൽനികുതി കുടിശ്ശിക പിരിഞ്ഞുകിട്ടാനുള്ളത് എത്രയുംവേഗം പിരിച്ചെടുക്കുന്ന കാര്യം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി തൊഴിൽനികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതുകൂടാതെ മുമ്പ് കൃത്യമായി നികുതി അടയ്ക്കാതെ 50,000 രൂപയിൽ കൂടുതൽ കുടിശ്ശികവരുത്തുന്ന ആളുകളിൽനിന്നാണ് പിഴപ്പലിശ ഈടാക്കി വന്നിരുന്നത്. അതിൽ ഭേദഗതി വരുത്തിക്കൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കിട്ടാനുള്ള ഏത് തുകയും കൃത്യസമയത്ത് അടയ്ക്കാതെ കുടിശ്ശികവരുത്തുന്നവരിൽനിന്ന് 2% പിഴപ്പലിശ ഈടാക്കുമെന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കുറേ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. എം. ദാസൻ</u> : സർ, ഫറൂക്ക് മേഖലയിലെ ഓടുവ്യവസായത്തൊഴിലാളികൾ കഴിഞ്ഞ ആറേഴുമാസക്കാലമായി വേതനവർദ്ധനവിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

പണിമുടക്കിലാണെങ്കിലും കഴിഞ്ഞ ആറേഴുമാസക്കാലമായി അവർക്ക് തൊഴിൽ ലഭിച്ചിട്ടില്ല. ഇക്കാര്യം കണക്കിലെടുത്തുകൊണ്ട് ഈ കാലയളവ് അവർക്ക് തൊഴിൽനികുതി ഇനത്തിൽ അടയ്ക്കേണ്ട തുക ഇളവുചെയ്തു കൊടുക്കുന്നതിനുവേണ്ട നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : അതൊരു പ്രത്യേകസാഹചര്യമാണ്. അതുസംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ച് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ടി.കെ. ബാലൻ : സർ പ്രൊഫഷണൽ ടാക്സ് വസൂലാക്കുന്നതിന് ഇന്ന് നിലവിലുള്ള മാനദണ്ഡങ്ങളും ഘടനയും പരിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളെക്കുറിച്ച് ഒന്ന് വ്യക്തമാക്കുമോ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : ഇത് 1-ാം ധനകാര്യകമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ 2-ാം സംസ്ഥാന ധനകാര്യകമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. അവരുടെ പരിഗണനയ്ക്കായി ഈ പറഞ്ഞ നിർദ്ദേശങ്ങൾ ഗവൺമെന്റ് സമർപ്പിക്കുന്നതാണ്.

ശ്രീ. ടി.കെ. ബാലൻ : വടക്കേ മലബാറിലെ സുപ്രധാനമായ സഹകരണമേഖലയിലെ സ്ഥാപനമായ ദിനേഷ് ബീഡി മേഖലയിലെ തൊഴിലാളികളുടെ ബോണസ് വർദ്ധിച്ച നിരക്കിലാണ് അവർക്ക് ലഭിക്കുന്നത്. എന്നാൽ ബോണസ് കൂടി കണക്കിലെടുത്തുകൊണ്ട് വരുമാനപരിധി കണക്കാക്കി ടാക്സ് ഈടാക്കുന്നതുകൊണ്ട് ആ മേഖലയിലെ തൊഴിലാളികൾക്ക് വർദ്ധിച്ച നിരക്കിലുള്ള ടാക്സ് കൊടുക്കേണ്ടിവരുന്നുണ്ട്. ഇങ്ങനെ വർദ്ധിച്ച നിരക്കിൽ അവരിൽനിന്ന് ടാക്സ് ഈടാക്കിവരുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് തയാറാകുമോ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : ദിനേഷ് ബീഡി തൊഴിലാളികളുടെ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. അതുസംബന്ധിച്ച് പരിശോധന ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. മുമ്പ് 400 രൂപയായിരുന്നു ഒരു അർദ്ധവർഷത്തേക്ക് നികുതിക്ക് അടിസ്ഥാനമായിട്ടുള്ള വരുമാനമായിട്ട് കണക്കാക്കിയിരുന്നത്. എന്നാൽ ഇപ്പോൾ അത് 2,000 രൂപയാണ്. ഇനിയും അത്തരം തൊഴിലാളി വിഭാഗത്തിന്റെ പ്രശ്നം ഗൗരവമാണെന്നുണ്ടെങ്കിൽ തീർച്ചയായും അക്കാര്യം ഗവൺമെന്റ് ഒന്നുകൂടി പരിശോധിച്ച് പരിഹരിക്കുന്നതിനാവശ്യമായിട്ടുള്ള തീരുമാനമെടുക്കുന്നതാണ്.

ശ്രീ. കെ.പി.എ. മജീദ് : പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം തൊഴിൽനികുതിയും കെട്ടിടനികുതിയും പിരിക്കുന്ന കാര്യത്തിൽ ജനകീയാസൂത്രണപരിപാടിയുടെ ഫലമായിട്ടും മറ്റും ജീവനക്കാർക്ക് ആ നികുതികൾ യഥാസമയം പിരിച്ചെടുക്കാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടാക്കിയിരിക്കുകയാണ്. അതുകൊണ്ട് പഞ്ചായത്തുകളുടെ തനത് ഫണ്ടുതന്നെ ശോഷിച്ചുപോയിരിക്കുകയാണ്. ഈ ഒരു പ്രത്യേകസാഹചര്യത്തിൽ കഴിഞ്ഞ രണ്ടു വർഷക്കാലത്തെ കളക്ഷന്റെ കാര്യം കണക്കിലെടുത്താൽ വമ്പിച്ച കുറവുവന്നിട്ടുള്ളതായി കാണാൻ കഴിയും. പഞ്ചായത്തുകളുടെ കളക്ഷൻ കുറഞ്ഞതുമൂലം ഫണ്ടിന്റെ കാര്യത്തിലും കുറവുണ്ടായിരിക്കുന്ന പ്രത്യേകസാഹചര്യം

LIBRARY ARCHIVES Kerala Legislative Assembly

കണക്കിലെടുത്തുകൊണ്ട് ആ കുറവ് പരിഹരിക്കുന്നതിന് എന്തുനടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് പറയാമോ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : ഇക്കഴിഞ്ഞ രണ്ടുവർഷക്കാലം തദ്ദേശഭരണസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ ജോലിഭാരം ജനകീയാസൂത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. ഇക്കാര്യം പരിഗണിച്ചുകൊണ്ടാണ് പഞ്ചായത്തുകൾക്ക് ഓരോ എൽ.ഡി. ക്ലാർക്കുമാരെക്കൂടി കൊടുക്കാനുള്ള തീരുമാനം ഗവൺമെന്റ് എടുത്തത്. അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ പത്ത് എണ്ണൂറോളം പഞ്ചായത്തുകൾക്ക് ഓരോ എൽ.ഡി. ക്ലാർക്കുമാരെക്കൂടി കൊടുത്തിട്ടുണ്ട്. ഇനി അവശേഷിക്കുന്ന പഞ്ചായത്തുകൾക്കുകൂടി അത് കൊടുക്കാനുള്ള തീരുമാനം ഈ അടുത്തകാലത്തായി എടുത്തിട്ടുണ്ട്. അതുമാത്രമല്ല വളരെ താമസിയാതെ തന്നെ പഞ്ചായത്തുകളുടെ പുനർവിന്യാസം നമ്മുടെ സംസ്ഥാനത്ത് നടക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തുകളിലും തദ്ദേശഭരണസ്ഥാപനങ്ങളിലും കൂടുതൽ ജീവനക്കാരെ കിട്ടുമെന്നുള്ള പ്രതീക്ഷയിലാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യങ്ങളെല്ലാംതന്നെ ഊർജ്ജിതപ്പെടുത്തുന്നതിന് ആവശ്യമായിട്ടുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ധാരാളം ജോലികൾ ഇന്ന് പഞ്ചായത്തുകൾക്ക് ഏറ്റെടുത്ത് നടത്തേണ്ടിവന്നിരിക്കുന്ന സാഹചര്യത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കത്തക്കവിധത്തിൽ ഏതെങ്കിലും നികുതികൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നേരിട്ട് പിരിച്ചെടുക്കുന്നതിന് അധികാരം കൊടുക്കുന്നതിനുള്ള ഏതെങ്കിലും നിർദ്ദേശമോ മറ്റോ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ? ഉണ്ടെങ്കിൽ അത് എന്തൊക്കെയാണെന്ന് ഒന്ന് വ്യക്തമാക്കുമോ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് നാല്പതു ശതമാനത്തോളം പഞ്ചായത്തുകൾ മൈനസ് ഫണ്ടിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കണക്കുകൾ കാണിക്കുന്നത് അപ്രകാരമാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഓണറേറിയം വർദ്ധിപ്പിച്ചതിന്റെ ഫലമായി ഏതാണ്ട് നമ്മുടെ സംസ്ഥാനത്തെ അറുപത് ശതമാനത്തോളം പഞ്ചായത്തുകളുടെ വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്. ഇപ്പോൾ ഏതാണ്ട് അറുപത് ശതമാനത്തോളം പഞ്ചായത്തുകൾ വരുമാനം കുറവുള്ള പഞ്ചായത്തുകളുടെ ലിസ്റ്റിലാണ് ഉള്ളത്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് പഞ്ചായത്തുകൾക്ക് അവയുടെ ധനസ്ഥിതി മെച്ചപ്പെടുത്തുവാനാവശ്യമായിട്ടുള്ള നിർദ്ദേശം 2-ാം ധനകാര്യ കമ്മീഷന്റെ പരിഗണനയിലുണ്ടാകുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. അത് ധനകാര്യ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

ശ്രീ. പാലോട് രവി : സർ, തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിലുണ്ടാകുന്ന കാലതാമസത്തെക്കുറിച്ച് ഇവിടെ ചോദിക്കുകയുണ്ടായി. അതിന് അങ്ങ് ഉത്തരവും തന്നിരുന്നു. പല പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും പഞ്ചായത്തുകൾക്കു ലഭിക്കേണ്ടതായ തൊഴിൽനികുതി യഥാസമയം പിരിച്ചെടുത്ത് പഞ്ചായത്തുകൾക്ക് നൽകേണ്ട ചുമതലയുള്ളത് അതാത് സ്ഥാപനത്തിന്റെ ചീഫ് എക്സിക്യൂട്ടീവിനാണ്. എന്നാൽ ചീഫ് എക്സിക്യൂട്ടീവുമാർ അവിടത്തെ ജീവനക്കാരിൽനിന്നും പിരിച്ചെടുത്ത പണം പഞ്ചായത്തുകൾക്ക് കൊടുക്കാതിരിക്കുന്ന അവസ്ഥയുണ്ടായിട്ടുണ്ട്. ലക്ഷക്കണക്കിന് വരുന്ന തൊഴിൽ നികുതി വരുമാനം പഞ്ചായത്തുകൾക്ക് ചീഫ് എക്സിക്യൂട്ടീവുമാ

LIBRARY ARCHIVES Kerala Legislative Assembly

രിൽനിന്നും ലഭിക്കേണ്ടതായിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കേണ്ടിയി രുന്ന തൊഴിൽനികുതി ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കാത്തതുകൊണ്ട് പഞ്ചായത്തുകളുടെ വരുമാനം കുറഞ്ഞിരിക്കുകയാണ്. ഉദാഹരണത്തിന് നമ്മുടെ തിരുവനന്തപുരത്തെ പൊതുമേഖലാസ്ഥാപനമായ കെൽട്രോണിൽ അവിടത്തെ ജീവനക്കാരിൽനിന്നും പിരിച്ചെടുത്തതും കരകുളം ഗ്രാമപഞ്ചായ ത്തിന് ലഭിക്കേണ്ടതുമായ ലക്ഷക്കണക്കിനുവരുന്ന തുക പഞ്ചായത്ത് സെക്രട്ടറി ആവർത്തിച്ചാവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ആ സ്ഥാപനത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് ആ പഞ്ചായത്തിന് കൊടുത്തിട്ടില്ല. പഞ്ചായത്തിന് ലഭിക്കേണ്ട പണം ആ പഞ്ചായത്തിന് ഇതേവരെ കൈമാറിയിട്ടില്ല. ഇത് ഗുരുതരമായ ക്രമക്കേടാണ്. ഈ പണം എന്തുചെയ്തു എന്നറിയില്ല. അതു സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പാർലാളി മുഹമ്മദ്കുട്ടി</u> : ഇത്തരത്തിലുള്ള പരാതികൾ ഗവൺ മെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുള്ളത് മുഴുവനും ഗവൺമെന്റ് അപ്പപ്പോൾത്തന്നെ പരിശോധിച്ച് അതേക്കുറിച്ച് അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അവയെക്കുറിച്ച് അന്വേഷിപ്പിച്ച് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കു ന്നുമുണ്ട്. ഇതും ഗൗരവമായിട്ടുതന്നെ പരിഗണിച്ച് അതേക്കുറിച്ച് പരിശോധി ക്കുന്നതാണ്.

<u>ശ്രീ. എ. കണാരൻ</u> : നമ്മുടെ സംസ്ഥാനത്ത് കെട്ടിടങ്ങൾക്ക് നികുതി പിരിക്കുന്നുണ്ട്. എന്നാൽ സംസ്ഥാനത്തിന്റെ പലഭാഗത്തും ഇത് ഒരോ രീതി യിലാണ് ചുമത്തി കെട്ടിടമുടമകളിൽനിന്നും ഈടാക്കിവരുന്നത്. ചില സ്ഥല ങ്ങളിൽ അതുപോലെ ചില പ്രദേശങ്ങളിലൊക്കെ ലക്ഷംവീടുകൾ, കട്ടകൊണ്ട് കെട്ടിയിട്ടുള്ള കൂരകൾ, ചെറ്റവീടുകൾ, ഓലകൊണ്ട് മേഞ്ഞതായ വീടുകൾ ദുർബലജനവിഭാഗക്കാരുടെ വീടുകൾ തുടങ്ങിയവയെ കെട്ടിടനികു തിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ വേറെ കുറേ സ്ഥലങ്ങളിൽ എല്ലാവരിൽ നിന്നും പലവിധത്തിൽ കെട്ടിടനികുതി പിരിച്ചെടുക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഒരു ഐകരൂപ്യവുമില്ല. അതുകൊണ്ട് കെട്ടിടനികുതിയുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തെ എല്ലാപ്രദേശങ്ങളിലും ഏകീകരിച്ച ഒരു വ്യവസ്ഥയനുസരിച്ച് അതായത് പത്തുലക്ഷത്തിനുമേൽ വിലവരുന്ന വീടു കൾക്കുമാത്രം വീട്ടുകരം ചുമത്തുന്ന ഒരു സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ; 10 ലക്ഷത്തിനുമേൽ വിലവരുന്ന കെട്ടിടങ്ങ ളുടെ ഉടമകൾക്കുമാത്രം കെട്ടിടനികുതി പ്രാബല്യത്തിലാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

<u>മി. സ്പീക്കർ</u> : അല്ല അങ്ങനെ പത്തുലക്ഷത്തിനുമേൽ വിലവരുന്ന കെട്ടിടങ്ങൾക്ക് മാത്രമായി കെട്ടിടനികുതി ഏർപ്പെടുത്തിയാൽപ്പിന്നെ നമുക്ക് ആ ഇനത്തിൽ പിരിച്ചെടുക്കാൻ ഒന്നുംതന്നെ ഉണ്ടാവില്ല.

<u>ശ്രീ. പാർലാളി മുഹമ്മദ്കുട്ടി</u> : ഇവിടെ കെട്ടിടനികുതിയെല്ലാം പിരി ക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ പലഭാഗത്തും അപാകതകളുണ്ടെന്നും അതിൽ ഐകരൂപ്യമില്ലെന്നും പരാതികളുണ്ട്. ഇക്കാര്യത്തിൽ അപകതകളു ണ്ടായിട്ടുണ്ടെന്ന് പരാതി കാലാകാലങ്ങളിൽ വരാറുള്ളതാണ്. അതെല്ലാം പരിഗണിച്ചുകൊണ്ട് ഗവൺമെന്റ് പുതിയ കെട്ടിട നികുതി നയം പ്രഖ്യാപിച്ചി ട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അതിൽ സമൂലമായിട്ടുള്ള മാറ്റം വരുത്തും. അങ്ങനെ മാറ്റംവരുത്തുമ്പോൾ സ്വാഭാവികമായിട്ടും ഓരോ വീട്ടുകാരനും ഓരോ കെട്ടിടമുടമയ്ക്കും അവർക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന നികുതി എത്ര യാണെന്ന് കണ്ടെത്താൻ കഴിയും അതിൽ എന്തെങ്കിലും വിവേചനമുണ്ടെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിൽ അത് അപ്പോൾത്തന്നെ ശ്രദ്ധയിൽപ്പെടുത്താൻ കഴിയും. ഇവിടെ മെമ്പർ പറഞ്ഞതുപോലെ പത്തുലക്ഷംരൂപയും അതിനുമുകളിലും വിലയുള്ള കെട്ടിടങ്ങൾക്ക് മാത്രമായി കെട്ടിടനികുതി ഏർപ്പെടുത്തുകയെന്നത് പ്രായോഗികമല്ല. ഗവൺമെന്റിന്റെ വരുമാനത്തിൽ അത് ഗണ്യമായ കുറവ് വരുത്തും. അതുകൊണ്ട് 10 ലക്ഷം എന്നുള്ള കാര്യം ഇപ്പോൾ നമുക്ക് പരിഗണിക്കാൻ കഴിയുന്ന അവസ്ഥയിലല്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, കെട്ടിടനികുതിയും അതുപോലെതന്നെ പ്രൊഫഷണൽ ടാക്സും റിവിഷൻ നടത്തുന്നത് നാലുകൊല്ലത്തിലൊരിക്കലായി കുറവ് ചെയ്തിരിക്കുകയാണ്. മുമ്പ് അഞ്ചുവർഷത്തിലൊരിക്കലാണ് കെട്ടിടനികുതിയിൽ വർദ്ധനവുണ്ടാക്കിയിരുന്നത് ഇപ്പോൾ അത് മാറ്റിയിട്ട് നാലുവർഷത്തിലൊരിക്കൽ എന്നാക്കിയിരിക്കുകയാണ്. പഞ്ചായത്ത് ആക്ടിൽ ഭേദഗതികൊണ്ടുവന്നാണ് അഞ്ചുവർഷത്തിലൊരിക്കൽ എന്നത് നാലുവർഷത്തിലൊരിക്കൽ എന്നാക്കി ചുരുക്കിയത്. ഇതിന്റെ അർത്ഥം നികുതിദായകർക്ക് കൂടുതൽ നികുതി കൊടുക്കേണ്ടിവരുമെന്നാണ്. സത്യംപറഞ്ഞാൽ നമ്മുടെ പല പഞ്ചായത്തുകളിലും നഗരപ്രദേശങ്ങളിലും കെട്ടിടങ്ങളുടെ നികുതിചുമത്തലിൽ അണ്ടർ അസസ്മെന്റാണ് നടത്തിയിട്ടുള്ളത്. അവയൊക്കെ പലതും അണ്ടർ അസസ്സ്ഡ് ആണ്. അതുകൊണ്ട് നാലുകൊല്ലമെന്നത് പഴയതുപോലെ അഞ്ചുവർഷത്തിലൊരിക്കൽ എന്നാക്കി മാറ്റുകയും അതോടൊപ്പംതന്നെ അണ്ടർ അസസ്സ്ഡ് ആയിട്ടുള്ള കെട്ടിടങ്ങളുടെ നികുതി ഒന്നുകൂടി അസസ്സ് ചെയ്തുകൊണ്ട് പുതുക്കി നിർണ്ണയിച്ച് കളക്ഷൻ നടത്തുകയും ചെയ്താൽ കെട്ടിടനികുതിയിനത്തിൽ വമ്പിച്ച വർധനവുണ്ടാക്കാൻ സാധിക്കുന്നതാണ്. അതുകൊണ്ട് ഇപ്പോൾ ഭേദഗതി വരുത്തിയിട്ടുള്ള നാലുവർഷത്തിലൊരിക്കൽ എന്നുള്ളത് മാറ്റിയിട്ട് പഴയതുപോലെ അഞ്ചുവർഷത്തിലൊരിക്കൽ റിവിഷൻ നടത്തുന്നതിനും അണ്ടർ അസസ്സ്ഡ് ആയിട്ടുള്ള കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാൻ ഗവൺമെന്റ് സന്നദ്ധമാകുമോ? അക്കാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : പുതുക്കിയ അടിസ്ഥാനത്തിലുള്ള കെട്ടിടനികുതി വന്നിട്ടുണ്ടെന്നുണ്ടെങ്കിൽ ഞാൻ നേരത്തെ പറഞ്ഞിട്ടുള്ളതുപോലെ അതിലുള്ള അപാകത എന്താണെന്ന് കെട്ടിടമുടമകൾക്ക് തൽസമയംതന്നെ ബന്ധപ്പെട്ട ആളുകളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും അതിന് പരിഹാരമുണ്ടാക്കുന്നതിനും കഴിയുമെന്ന് മാത്രമല്ല നാലുകൊല്ലം കൂടുമ്പോൾ അല്ലെങ്കിൽ അഞ്ചുകൊല്ലം കൂടുമ്പോൾ വീണ്ടും ഈ നികുതി പരിഷ്കരിക്കുന്ന രീതി മാറ്റിയിട്ട് ഇത്ര ശതമാനം കണ്ട് വർദ്ധിപ്പിക്കുകയെന്നുള്ള രൂപത്തിലാണ് പുതിയ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

ശ്രീ. പി.എസ്. സുപാൽ : സർ, രണ്ടായിരംരൂപയിൽ താഴെ വരുമാനമുള്ളവരെ തൊഴിൽനികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കു പലപ്പോഴും തൊഴിൽനികുതിയിളവ് സംബന്ധമായ ആനുകൂല്യം ലഭിക്കാറില്ല. പലപ്പോഴും അവർക്ക് ഓണക്കാലത്ത് കിട്ടുന്ന ബോണസുകൂടി വരുമാനത്തിന്റെ കൂട്ടത്തിൽ കണക്കാക്കുന്നതുകൊണ്ടാണ് അവർ നികുതിയളവിനുള്ള വരുമാനപരിധിക്ക് പുറത്തായിപോകുന്നത്. അതുകൊണ്ട് തോട്ടംതൊഴിലാളികൾക്ക് തൊഴിൽനികുതിയിൽനിന്നും ഇളവ് ലഭിക്കുന്നതിനായി ബോണസ്സുകൂടി കൂട്ടി വരുമാനപരിധി നിശ്ചയിക്കുന്നത് ഒഴിവാക്കിക്കൊണ്ട് തൊഴിൽനികുതി ഇളവ് സംബന്ധ

LIBRARY ARCHIVES Kerala Legislative Assembly

മായ ആനുകൂല്യം തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ്കുട്ടി : ഓടുനിർമ്മാണമേഖലയിലെ തൊഴിലാളികൾക്കും ദിനേശ്ബീഡി തൊഴിലാളികളെ സംബന്ധിച്ചുമുള്ള മുഖ്യമായിട്ടുള്ള പ്രശ്നം ബോണസിന്റെ തുക കൂടി വരുമാനത്തിന്റെ കൂട്ടത്തിൽ കൂട്ടുമ്പോൾ വാസ്തവത്തിൽ വലിയ തോതിലുള്ള സ്ലാബിലേക്ക് നികുതി നൽകേണ്ടവരുടെ കൂട്ടത്തിൽ അവർ പെട്ടുപോവുകയാണ് ചെയ്യുന്നത്. അതിന്റെ ഫലമായി അവർക്ക് നികുതികൊടുക്കേണ്ടിവരുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. ഇതിലുൾപ്പെട്ട ഒരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച തോട്ടംതൊഴിലാളികളുടെ പ്രശ്നവും. എന്തായാലും ഇക്കാര്യം ഗൗരവമായിട്ട് പരിശോധിച്ച് ആവശ്യമായിട്ടുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

2 (*258) കയർ സഹകരണ സംഘങ്ങളിലെ യന്ത്രവൽക്കരണം

ശ്രീ എ.കെ. മണി :
ശ്രീ. കെ. ബാബു :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കയർ സഹകരണസംഘങ്ങളിൽ യന്ത്രവൽക്കരണം നടത്തിയിട്ടുണ്ട്;

(ബി) ഏതുവിധത്തിലുള്ള യന്ത്രവൽക്കരണമാണ് ഇപ്പോൾ നടത്തിവരുന്നത്;

(സി) കയർ സഹകരണ സംഘങ്ങളിൽ എത്ര യന്ത്രവൽകൃത റാട്ട് പ്രവർത്തിച്ചുവരുന്നു;

(ഡി) കൂടുതൽ സംഘങ്ങൾക്ക് ഇതിനുവേണ്ട സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) യന്ത്രവൽക്കരണത്തിന് എന്തെല്ലാം സഹായങ്ങളാണ് കൊടുത്തുവരുന്നതെന്ന് അറിയിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ : സർ,

(എ) 125 കയർപിരി സംഘങ്ങളിലും 58 ചകിരി നിർമ്മാണ സഹകരണസംഘങ്ങളിലും യന്ത്രവൽകൃത യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാണ് ധനസഹായം നൽകിയിട്ടുള്ളത്. ഇതിൽ 72 കയർപിരി യൂണിറ്റുകളും 17 ചകിരി നിർമ്മാണ യൂണിറ്റുകളും സ്ഥാപിച്ച് ഉല്പാദനം ആരംഭിച്ചുകഴിഞ്ഞു. ബാക്കി യൂണിറ്റുകൾ വിവിധ നിർമ്മാണഘട്ടങ്ങളിലാണ്.

(ബി) കയർപിരി മേഖലയിലും ചകിരിനിർമ്മാണ മേഖലയിലുമാണ് ഇപ്പോൾ യന്ത്രവൽക്കരണം നടത്തിവരുന്നത്. ചകിരി നിർമ്മാണമേഖലയിൽ പച്ചതൊണ്ടിൽനിന്നും ചകിരി നിർമ്മിക്കുന്ന യന്ത്രവൽകൃത യൂണിറ്റുകളാണ് സ്ഥാപിക്കുന്നത്.

(സി) 2870 റാട്ടുകൾ

LIBRARY ARCHIVES Kerala Legislative Assembly